18043
15/10/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- 2019 ലെ ലോക പരിസ്ഥിതി ദിന (ജൂൺ 5) ത്തിൽ വൃക്ഷവത്കരണത്തിനു സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് ഈ വർഷം സൗജന്യമായി തൈകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

---

വനം വന്യജീവി (ഇ) വകുപ്പ്

G.O.(Rt)No.182/2019/F&WLD തീയതി,തിരുവനന്തപുരം, 27/05/2019

---

പരാമർശം:- 1 സ.ഉ (സാധാ) നം. 208/2016/വനം തീയതി 04.06.2016

2 സ.ഉ (സാധാ) നം. 159/2017/വനം തീയതി 22.04.2017

3 സ.ഉ (സാധാ) നം. 188/2017/വനം തീയതി 18.05.2017

4 സർക്കുലർ നം.69/ഇ3/2017/വനം തീയതി 17.01.2018.

5 സ.ഉ (സാധാ) നം. 263/2018/വനം തീയതി 02.06.2018

<u>ഉത്തരവ്</u>

ഹരിതകേരളം പദ്ധതിക്കാവശ്യമായ തൈകൾ സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വളർത്തിയെടുത്ത്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായും ഇതര സംഘടനകൾക്ക് സഹായ നിരക്കിലും വിതരണം ചെയ്തു വരുന്നു. അങ്ങനെ വിതരണം ചെയ്യുന്ന തൈകളുടെ നിരക്ക് പുനഃക്രമീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

വനം പരിസ്ഥിതി വകുപ്പുകളും പൊല്യൂഷൻ കൺട്രോൾ ബോർഡ്, ബയോ ഡൈവേഴ്സിറ്റി ബോർഡ് എന്നിവയും ചേർന്ന് മറ്റു വകുപ്പുകളുടെ സഹകരണത്തോടെ ഈ വർഷം ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിപുലമായ വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. വൃക്ഷവൽക്കരണ പരിപാടിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്താൽ മാത്രമേ ലക്ഷ്യം പൂർത്തീകരിക്കാനാവൂ എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017-ൽ സൂചന (3) പ്രകാരവും 2018-ൽ സൂചന (5) പ്രകാരവും കേരള വനം വകുപ്പ്, പരിസ്ഥിതി വകുപ്പ് ഹരിത കേരളം മിഷൻ എന്നിവ സംയുക്തമായി നടത്തുന്ന മേൽ പദ്ധതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് പരിസ്ഥിതി ദിനത്തിൽ വൃക്ഷവത്ക്കരണം നടത്തുന്ന ആവശ്യത്തിലേയ്ക്കായി തൈകൾ സൗജന്യമായി നൽകി ഉത്തരവായിരുന്നു. ആയതുപ്രകാരം 2019 ലും മേൽ വിവരിച്ച സ്ഥാപനങ്ങൾക്ക് ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷവത്ക്കരണം നടത്തുന്ന ആവശ്യത്തിലേയ്ക്കായി തൈകൾ സൗജന്യമായി നല്കാൻ ഉത്തരവാകുന്നു. ടി സ്ഥാപനങ്ങൾ, തൈകൾ അതത് വനം വകുപ്പ് ഓഫീസുകളിൽ നിന്നും നേരിട്ട് കൈപ്പറ്റേണ്ടതാണ്.

സൗജന്യമായി തൈകൾ കൈപ്പറ്റുന്ന സ്ഥാപനങ്ങൾ സൂചന(4) സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തങ്ങൾക്ക് ലഭിച്ച തൈകൾ ലോക പരിസ്ഥിതി ദിനത്തിന്റെ അന്തസ്സത്തയ്ക്കൊത്ത വിധം കൃത്യമായും നടേണ്ടതും, സംരക്ഷിച്ച് വളർത്താൻ ശ്രദ്ധിക്കേണ്ടതും ടി തൈകൾ യാതൊരു കാരണവശാലും വിലയ്ക്ക് വിൽക്കുവാനോ നടാതെ മാറ്റിവയ്ക്കുവാനോ പാടില്ലാത്തതുമാകുന്നു. ഇക്കാര്യം വനം വകുപ്പ് അധികൃതർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും സൂചന (4) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള റിപ്പോർട്ട് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

1. സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
2. സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
3. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (HoFF), തിരുവനന്തപുരം
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (SF), തിരുവനന്തപുരം
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള , തിരുവനന്തപുരം
8. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
9. ഡോ.ടി.എൻ.സീമ, വൈസ് ചെയർപേഴ്സൺ, ഹരിതകേരളം, TC 2/3271(3) ഹരിതം, കുട്ടനാട് ലെയിൻ, പട്ടം പാലസ് PO, തിരുവനന്തപുരം 695004
10. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
11. ധനകാര്യ അഗ്രി (ബി) വകുപ്പ്
11. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2) വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്